# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3588

10/04/2013 - ലെ മറുപടിയ്ക്ക്

## കിസാൻ കാർഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. എ. അസീസ് | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | കിസാൻ കാർഡ് ലഭ്യമാകുന്നതിന് അപേക്ഷ നൽകേണ്ടത് ആർക്കാണ്; ആരാണ് കാർഡുകൾ വിതരണം ചെയ്യുന്നത്; | (എ) | കിസാർ കാർഡ് എന്ന പദ്ധതി കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയിട്ടില്ല. എന്നാൽ കിസാൻ ക്രെഡിറ്റ് കാർഡ് എന്ന ഒരു വായ്പാ പദ്ധതി ബാങ്ക് മുഖാന്തിരം കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. രാജ്യത്തെ എല്ലാ വാണിജ്യ സഹകരണ ബാങ്കുകളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. കാർഡിനായുള്ള ഏകീകൃത അപേക്ഷാ ഫോമുകൾ അപേക്ഷകന്റെ സേവന മേഖലാ ബാങ്കിൽ നിന്നോ, കൃഷി ഭവനിൽ നിന്നോ ലഭ്യമാകും. |
| (ബി) | കൃഷി ചെയ്യുന്ന സർക്കാർ ജീവനക്കാരടക്കമുള്ളവർക്ക് കിസാൻ കാർഡ് ലഭിക്കാൻ അർഹതയുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (ബി) | സ്വന്തമായി കൃഷി ഭൂമിയുള്ള ഏതൊരു കർഷകനും കിസാൻ ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കാം. ഇതു സംബന്ധിച്ചുള്ള പൊതുമാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. ഇതൊരു ബാങ്ക് വായ്പയാണ്. കൃഷിഭൂമിയുള്ള ഏതൊരു കർഷകനും കിസാൻ ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കാം.
2. ഓരോ വിളയ്ക്കും നിജപ്പെടുത്തിയിട്ടുള്ള ഉൽപാദന വായ്പാതോത് അടിസ്ഥാനപ്പെടുത്തിയാണ് വായ്പ ലഭ്യമാവുക.
3. കൃഷി സ്ഥലത്തിന്റെ വസ്തൃതി, കൃഷി ചെയ്യുന്ന വിള, അനുബന്ധ പ്രവർത്തനങ്ങൾ, കാർഷിക യന്ത്രങ്ങളുടെ പരിപാലനം, ഉപഭോഗ ആവശ്യങ്ങൾ, കാർഷികേതരമേഖലാ പ്രവർത്തനങ്ങൾക്കുള്ള പ്രവർത്തന മൂലധനം തുടങ്ങിയ ആവശ്യങ്ങൾ പരിഗണിച്ചാണ് വായ്പാ തുക നിശ്ചയിക്കുന്നത്.
4. ഒരു ലക്ഷം രൂപ വരെയുള്ള കൃഷി വായപകൾക്ക് പ്രത്യേകിച്ച് ഈട് നൽകേണ്ടതില്ല. ഇതിന് കൃഷി സ്ഥലത്തുള്ള വിള മാത്രം ഈടായി നൽകിയാൽ മതിയാകും.
5. ഒരു ലക്ഷം രൂപയ്ക്ക് മേലുള്ള വായ്പകൾക്ക് മതിയായ വിലയ്ക്കുള്ള വസ്തു ഈടായി നൽകേണ്ടതാണ്.
6. മൂന്നു ലക്ഷം രൂപ വരെ പരമാവധി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കും. വായ്പ സമയപരിധിയ്ക്കുള്ളിൽ കൃത്യമായി തിരിച്ചടച്ചാൽ നിബന്ധനകൾക്ക് വിധേയമായി കൂടുതൽ പലിശ ഇളവുകൾ ലഭ്യമാണ്.
7. തന്നാണ്ടിൽ എടുത്തിട്ടുള്ള തുക പലിശ സഹിതം ഒരു വർഷത്തിനുള്ളിൽ ഒന്നായോ ഗഡുക്കളായോ അടച്ചിരിക്കണം. ഹ്രസ്വകാല വിളകൾക്ക് 12 മാസത്തിനുള്ളിലും ദീർഘകാല വിളകൾക്ക് 18 മാസത്തിനുള്ളിലും പണം തിരിച്ചടയ്ക്കേണ്ടതാണ്.
8. പരിധി / ഉപപരിധിയുടെ ഉള്ളിൽ എത്ര പ്രാവശ്യം വേണമെങ്കിലും പണമെടുക്കുവാനും തിരിച്ചടയ്ക്കുവാനും സാധിക്കും.
9. ആവശ്യമുള്ളപ്പോൾ മാത്രം പണം എടുക്കുന്നതു മുഖേന പലിശ ലാഭിക്കാം.
10. വാർഷിക അവലോകനത്തിനു വിധേയമായി കാർഡിന്റെ കാലാവധി 3 വർഷം ആയിരിക്കും.
11. വർഷത്തിലൊരിക്കൽ വായ്പാ ഇടപാടുകളെ അവലോകനം ചെയ്ത് വായ്പാ വിനിയോഗത്തിന്റെയും വരവുചെലവിന്റെയും അടിസ്ഥാനത്തിൽ വായ്പാ തോത് ക്രമീകരിക്കുന്നതിനുള്ള അധികാരം ബാങ്കിൽ നിക്ഷിപ്തമാണ്.
12. പലിശ നിരക്ക് ബാങ്കിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് കാലാകാലങ്ങളിൽ മാറ്റങ്ങൾക്ക് വിധേയമാണ്.
13. വിജ്ഞാപിത പ്രദേശങ്ങളിലുള്ള വിജ്ഞാപിത വിളകൾക്ക് വിള ഇൻഷുറൻസ് പദ്ധതിയും ലഭ്യമാണ്.
14. കാർഡിനായുള്ള ഏകീകൃത അപേക്ഷാ ഫോമുകൾ അപേക്ഷകന്റെ സേവനമേഖലാ ബാങ്കിൽ നിന്നോ കൃഷി ഭവനിൽ നിന്നോ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ